"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്- ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് I ശ്രീമതി. നിഷ ഹമീദ്.പി ഫയൽ ചെയ്ത ഒ.എ 836/2025 നമ്പർ ഹർജിയിലെ 23/05/2025-ലെ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.24/2026/LBR തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:- 1. സ.ഉ(പി)നം.3/2017/ഉഭപവ, തീയതി 25.02.2017.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ദക്ഷിണമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 25.07.2024 ലെ ഇ1-1663/2024/ആർ.ഡി.ഡി /ഐ.എം.എസ്/ദ.മേ/കൊല്ലം നമ്പർ ഉത്തരവ്.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 21.05.2025 ലെ ഇ5-1007/2025/ഡി.ഐ.എം.എസ് നമ്പർ നടപടി ക്രമം.

4. ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് I ആയ ശ്രീമതി. നിഷ ഹമീദ് .പി 23.05.2025 ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം (ഒ.എ 836/2025 നമ്പർ ഹർജിയിലെ അനുബന്ധം A8)

5. ശ്രീമതി. നിഷ ഹമീദ് .പി ഫയൽ ചെയ്ത. ഒ.എ 836/2025 നമ്പർ ഹർജിയിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.05.2025 ലെ ഉത്തരവ്.

6. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 19.06.2025, 18.11.2025 എന്നീ തീയതികളിലെ ഇ5-2146/2025/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് I ശ്രീതി. നിഷ ഹമീദ്.പി 2025

ലെ പൊതു സ്ഥലംമാറ്റം പ്രകാരം തന്നെ ആറ്റിങ്ങൽ ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്ക് സ്ഥലംമാറ്റിയ പരമർശം 1 ലെ ഉത്തരവ് റദ്ദ് ചെയ്ത് നിലവിലെ സ്റ്റേഷനിൽ തുടരാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 4 പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. തുടർന്ന് പ്രസ്തുത നിവേദനം അനുബന്ധം A8 ആയി ചേർത്ത് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ 836/ 2025 നമ്പർ ആയി ഹർജി ഫയൽ ചെയ്യുകയുണ്ടായി. ബഹു.ട്രൈബ്യൂണൽ പരാമർശം 5 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ നിവേദനത്തെ പരിഗണിച്ച് ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാനും ഒന്നാം എതിർ കക്ഷിയ്ക്ക് നിർദ്ദേശം നൽകി അപ്രകാരമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുവരെ, അപേക്ഷകയേയും മൂന്നാം എതിർ കക്ഷിയേയും പരസ്പരം സ്ഥലം മാറ്റിക്കൊണ്ടുള്ള സൂചന 3 ലെ ഉത്തരവ് (അനുബന്ധം-എ4) താൽക്കാലികമായി നിർത്തിവയ്ക്കുവാനും നിർദ്ദേശിച്ചു കൊണ്ട് കേസ് തീർപ്പാക്കുകയുണ്ടായി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം അപേക്ഷകയായ ശ്രീമതി. നിഷ ഹമീദ്.പി യേയും മൂന്നാം എതിർ കക്ഷിയായ നഴ്സിംഗ് ഓഫീസർ ശ്രീമതി. പ്രീതകുമാരി എസ് നേയും ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തൊഴിലും നൈപുണ്യവും വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 02.07.2025 ൽ നേരിൽ കേൾക്കുകയുണ്ടായി.

2. 30.03.2005 ന് സർവീസിൽ പ്രവേശിച്ച അപേക്ഷക 05.08.2024-മുതൽ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് I ആയി ജോലി ചെയ്തു വരുന്നതായും താൻ ഇപ്പോഴത്തെ സ്റ്റേഷനിൽ 9 മാസം പോലും പൂർത്തിയാക്കിയിട്ടില്ല എന്നും പരാതിപ്പെട്ടു. അതിനു മുൻപ് 08/12/2021 മുതൽ 04/08/2024 വരെ കോവളം ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ആയിരുന്നു എന്നും അവിടെനിന്നാണ് അപേക്ഷകയെ 05/08/2024 ൽ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്ക് മാറ്റിയതെന്നും, പ്രസ്തുത സ്റ്റേഷനും ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയും തമ്മിൽ 15 കിലോമീറ്ററിൽ കൂടുതൽ ദൂരമുണ്ടെന്നും, ആയതിനാൽ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിന്നും സ്ഥലം മാറ്റുന്നതിന് സൂചന (1) ഉത്തരവിലെ നിബന്ധനപ്രകാരം നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയിട്ടില്ല എന്നും പരാതിപ്പെട്ടു. കരട് സ്ഥലം മാറ്റ പട്ടികയ്ക്കെതിരെ താൻ ഫയൽ ചെയ്ത അനുബന്ധം-എ3 ആക്ഷേപം പരിഗണിക്കാതെയാണ് അനുബന്ധം- എ 4 ലെ ഉത്തരവ് പ്രകാരം ചാക്ക ESI ഡിസ്പെൻസറിയിൽ നിന്ന് 26.3 കിലോമീറ്റർ ദൂരത്തിലുള്ള ആറ്റിങ്ങൽ ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് സ്ഥലം മാറ്റിയതെന്നും അറിയിച്ചു.

3.കോവളം ഡിസ്പെൻസറി ആദ്യം കോവളത്തെ നെടുമൺ എന്ന സ്ഥലത്തായിരുന്നു സ്ഥിതി ചെയ്തിരുന്നതെന്നും 10.07.2024 ൽ കോവളത്തെ കല്ലുവെട്ടാൻകുഴി, വിഴിഞ്ഞം എന്ന സ്ഥലത്തേക്ക് മാറ്റിയെന്നും എന്നാൽ സ്പാർക്ക് സിസ്റ്റത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ സ്ഥാനം മാറ്റിയത് സംബന്ധിച്ച വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിൽ വകുപ്പ് വീഴ്ചവരുത്തിയതായി താൻ

സമർപ്പിച്ച അനുബന്ധം- എ 3 ലെ എതിർപ്പിൽ പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നെന്ന് അപേക്ഷക അറിയിച്ചു. കോവളത്തെ നിലവിലെ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ നിന്ന് 18.7 കിലോമീറ്റർ അകലെയുള്ള ചാക്കയിലെ ഇ.എസ്.ഐ. ഡിസ്പെൻസറിയിലേക്കുള്ള തന്റെ സ്ഥലംമാറ്റം പരാമർശം 2 ലെ ഉത്തരവ് പ്രകാരം തന്റെ അന്നത്തെ ജോലി സ്ഥലത്തേക്കുള്ള ട്രാൻസ്ഫർ/പോസ്റ്റിംഗ് ആയി കണക്കാക്കേണ്ടതായിരുന്നു എന്നും അത് 15 കിലോമീറ്റർ ചുറ്റളവിനപ്പുറമായിരുന്നതിനാൽ തന്റെ നിലവിലെ ജോലിസ്ഥലം സ്പാർക്ക് സിസ്റ്റത്തിൽ ട്രാൻസ്ഫറിനായി കാണിക്കേണ്ടതല്ലായിരുന്നെന്നും സ്പാർക്ക് സിസ്റ്റത്തിൽ ഇത് അപ്ഡേറ്റ് ചെയ്യുന്നതിൽ വകുപ്പ് പരാജയപ്പെട്ടതിനാലാണ് ഈ അപാകത സംഭവിച്ചത് എന്നും പരാതിക്കാരി അഭിപ്രായപ്പെട്ടു.

4. തന്റെ മാതാവ് രോഗിയാണെന്നും സൂചന (1) ലെ ഉത്തരവിലെ നിബന്ധന 4(ii &iii) പ്രകാരം വീടിനടുത്തുള്ള സ്റ്റേഷനിൽ ജോലി ചെയ്യാൻ മുൻഗണന നൽകണം എന്നും താനും അമ്മയും വെള്ളായണിയിലാണ് താമസിക്കുന്നതെന്നും ആറ്റിങ്ങലിലേക്ക് മാറ്റിയാൽ ഡ്യൂട്ടി സമയത്തിന് ശേഷം തനിക്ക് രോഗിയായ അമ്മയുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയില്ലെന്നും അറിയിച്ചു. കൂടാതെ സൂചന (1) ലെ നിബന്ധന 10(xii) പ്രകാരം, ഭാര്യയും ഭർത്താവും സർക്കാർ ജീവനക്കാരാണെങ്കിൽ അവർക്ക് ഒരേ സ്റ്റേഷനിൽ ജോലി ചെയ്യാൻ മുൻഗണന നൽകണമെന്നുമാണെന്നും, ആരോഗ്യ വകുപ്പിൽ നഴ്സിംഗ് ഓഫീസറായി ജോലി ചെയ്യുന്ന തന്റെ ഭർത്താവ് തന്റെ അതേ സ്റ്റേഷനിൽ തന്നെയാണെന്നും അതിനാൽ സ്ഥലംമാറ്റം നടപ്പിലാക്കുകയാണെങ്കിൽ, അത് പ്രസ്തുത മാനദണ്ഡത്തിന്റെയും ലംഘനമായിരിക്കുമെന്നും പരാതിക്കാരി അഭിപ്രായപ്പെട്ടു.

5. മൂന്നാം എതൃകക്ഷിയായ ശ്രീമതി.പ്രീതാകുമാരി എസ് താൻ കഴിഞ്ഞ 25 വർഷങ്ങളായി നഴ്സിങ് ഓഫീസർ ആയി സേവനമനുഷ്ഠിക്കുന്നു എന്നും, 18 വർഷത്തിലധികം താൻ ഇ.എസ്.ഐ ആശുപത്രി പേരൂർക്കടയിലെ ജീവനക്കാരിയായിരുന്നെന്നും കഴിഞ്ഞ മൂന്ന് വർഷത്തിലധികമായി വീട്ടിൽ നിന്നും 60 km അകലെയുള്ള ആറ്റിങ്ങൽ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലി നോക്കുന്നു എന്നും ഹിയറിംഗ് സമയത്ത് അറിയിച്ചു. 2025 ലെ വകുപ്പിന്റെ ഓൺലൈൻ പൊതുസ്ഥലം മാറ്റത്തിന് സൂചന (1)ലെ ഉത്തരവിലെ മാനദണ്ഡങ്ങൾ എല്ലാം അനുസരിച്ചാണ് താൻ അപേക്ഷ സമർപ്പിച്ചതെന്നും സർവീസിൽ നിന്നും വിരമിക്കാൻ ഇനി ഒരു വർഷവും, 8 മാസവും മാത്രമാണ് ബാക്കിയുള്ളതെന്നും വിരമിക്കാൻ രണ്ടിൽ കുറവ് വർഷങ്ങൾ എന്ന മുൻഗണന ഉള്ളതിനാൽ തിരുവനന്തപുരം ജില്ലയിലെ വേക്കൻസി ഉള്ള സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ആദ്യ ഓപ്ഷനായ ചാക്കയിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നതെന്നും സേവനകാലത്തിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന വിരമിക്കലിനോടടുക്കുന്നത് എന്ന പരിഗണനയിൽ ലഭിക്കുന്ന പ്രസ്തുത മാനദണ്ഡം, അധിക രാഷ്ട്രീയ സ്വാധീനമില്ലാത്ത സാധാരണ സർക്കാർ ജീവനക്കാർക്ക്, അധികം ദൂരമല്ലാത്ത സ്റ്റേഷനുകൾ ലഭിക്കാനുള്ള ഒരു മുൻഗണയാണെന്നും ഹിയറിംഗ് സമയത്ത് അറിയിച്ചു. അതിൻ പ്രകാരം തനിക്ക്

അർഹതപ്പെട്ട സ്റ്റേഷൻ അനുവദിച്ച് 24-03-2025 ൽ കരട് പ്രസിദ്ധീകരിച്ചിരുന്നു എന്നും നെയ്യാറ്റിൻകര താമസിക്കുന്ന 55 വയസായ ഒരു സ്ത്രീ ദിവസേന യാത്രയ്ക്കായി 5 മണിക്കൂറോളവും, 400 രൂപയും ചെലവഴിച്ച് ആണ് ആറ്റിങ്ങൽ ഡിസ്പെൻസറിയിലെത്തുന്നതെന്നും തന്റെ വകുപ്പിലെ സീനിയോറിറ്റി, സേവനത്തിൽ നിന്നും വിരമിക്കാൻ രണ്ടു വർഷത്തിൽ താഴെയുള്ളതെന്നും സൂചന (1) ലെ ഉത്തരവിലെ നിബന്ധന പ്രകാരമുള്ള മുൻഗണനാ മാനദണ്ഡം, ഈ പ്രായത്തിൽ ദിവസവും സേവനമനുഷ്ഠിക്കാൻ 120 കിലോമീറ്റർ (To & Fro) യാത്ര ചെയ്യാൻ 5 മണിക്കൂറുകളോളം ബസിലെ യാത്ര എന്നിവ ഉണ്ടാക്കുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ കാരണം ഓപ്ഷനായി വേക്കൻസി പട്ടികയിലുൾപ്പെട്ടിരുന്ന ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറി തിരഞ്ഞെടുത്തതെന്നും സൂചന (3) ലെ ഉത്തരവ് അനുസരിച്ച് തനിക്കർഹമായ കരട് പട്ടികയിൽ അനുവദിച്ച സ്റ്റേഷൻ തന്നെ അന്തിമ പട്ടികയിലും അനുവദിച്ചു എന്നും എന്നാൽ ഓഫീസ് മേധാവി എന്നെ വിടുതൽ ചെയ്യാൻ അനുവദിച്ചില്ല എന്നും സ്ഥലംമാറ്റ ഉത്തരവ് ഇറങ്ങിയതിന് ശേഷവും നാളിതുവരേയും ആറ്റിങ്ങൽ ഡിസ്പെൻസറിയിൽ തന്നെ ഞാൻ ജോലി ചെയ്തു വരികയാണ് എന്നും ശ്രീമതി. പ്രീതകുമാരി എസ് അറിയിച്ചു. തന്റെ പ്രായം, സ്ത്രീ എന്ന പരിഗണന, വീട്ടിലുള്ള ഇളയ മകളുടെ പ്രായം വിരമിക്കാൻ രണ്ടു വർഷത്തിൽ താഴെയുള്ളവർക്ക് അർഹമായിട്ടുള്ള സൂചന (1) ലെ ഉത്തരവിൽ പരാമർശിക്കുന്ന മുൻഗണന, ആകെ സേവനകാലത്തിൽ ആശുപത്രിയിലെ സേവനകാലയളവ്, ദിവസേനയുള്ള 120 കിലോമീറ്ററുകൾ താണ്ടിയുള്ള യാത്ര, അതിനുവേണ്ടി സമയം, സ്പാർക് ഓൺലൈൻ ട്രാൻസ്ഫറിലെ സുതാര്യത, വകുപ്പ് പ്രസിദ്ധീകരിച്ച കരട്, അന്തിമ പട്ടികകൾ, ഓഫീസ് മേധാവി അനുവദിച്ച സർവീസ് വിവരങ്ങൾ എന്നിവ നീതിയുക്തമായ പരിശോധനകൾക്കും പരിഗണനകൾക്കും വിധേയമാക്കി തനിക്ക് ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് അനുവദിച്ച സ്ഥലം മാറ്റം പ്രകാരം ഉടൻ ആറ്റിങ്ങൽ ഡിസ്പെൻസറിയിൽ നിന്നും വിടുതൽ നൽകാനും അങ്ങനെ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലിയിൽ പ്രവേശിക്കുന്നതിനും നിർദേശം നൽകണമെന്നും ശ്രീമതി. പ്രീതകുമാരി എസ് അഭ്യർത്ഥിച്ചു.

6. നിലവിൽ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിന്നും 2025 വർഷത്തെ പൊതുസ്ഥലംമാറ്റം മുഖേന ആറ്റിങ്ങൽ ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് സ്ഥലമാറ്റം ലഭിച്ച നഴ്സിംഗ് ഓഫീസർ ഗ്രേഡ്-1 ആയ ശ്രീമതി.നിഷ ഹമീദ്.പി 30.03.2005 ൽ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിയാണെന്നും ടിയാൾ 30.03.2005 മുതൽ 28.02.2011 വരെ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലും, 01.03.2011മുതൽ 29.02.2011 വരെ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിലും, 01.03.2012 മുതൽ 21.01.2016 വരെ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലും, 22.01.2016 മുതൽ 15.01.2018 വരെ ആറ്റിങ്ങൽ ഇ.എസ്.ഐ ഡിസ്പെൻസറിയിലും, 16.01.2018 മുതൽ 23.05.2021 വരെ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിലും നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്നു

എന്ന് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 24.05.2021 തീയതിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ്-1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിന് ശേഷം ശ്രീമതി നിഷ ഹമീദ്.പി 24.05.2021 തീയതി മുതൽ 07.12.2021 വരെ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിലും, 08.12.2021 തീയതി മുതൽ 05.08.2024 വരെ കോവളം ഇ.എസ്.ഐ ഡിസ്പെൻസറിയിലും, 06.08.2024 തീയതി മുതൽ തിരികെ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിലുമാണ് നഴ്സിംഗ് ഓഫീസർ ഗ്രേഡ്-1 തസ്തികയിൽ ജോലി ചെയ്തു വരുന്നത്. ശ്രീമതി. നിഷ ഹമീദ്.പി നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ തന്നെയാണ് നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തു വരുന്നതിനാലും, മറ്റ് ജില്ലകളിൽ ജോലി ചെയ്തിട്ടില്ലാത്തതിനാലും 2025 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ ടിയാൾക്ക് സ്റ്റേഷൻ സീനിയോരിറ്റിയോ, മുൻഗണനയോ ഒന്നുംതന്നെ ലഭ്യമായിട്ടില്ലെന്നും പരാമർശം 6 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. ശ്രീമതി.പ്രീതകുമാരി.എസ് സർവീസിൽ നിന്നും വിരമിക്കുന്നതിന് രണ്ട് (2) വർഷത്തിന് താഴെ മാത്രം (31.12.2026) കാലമാണുള്ളത് എന്നതിനാൽ മുൻഗണനയുടെ അടിസ്ഥാനത്തിലാണ് ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് സ്ഥലമാറ്റം ലഭിച്ചിട്ടുള്ളതെന്നും ശ്രീമതി. നിഷ ഹമീദ്.പി 31/08/2035 തീയതിയിൽ മാത്രമാണ് സേവനത്തിൽ നിന്നും വിരമിക്കുന്നതെന്നും ടിയാൾ മറ്റ് ജില്ലകളിൽ ജോലി ചെയ്തിട്ടില്ലാത്തതിനാൽ ഔട്ട് സ്റ്റേഷൻ സീനിയോരിറ്റിയുടെ മുൻഗണയുടെ ആനുകൂല്യം ലഭ്യമല്ല എന്നും പരാമർശം 6 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. കോവളം ഇ.എസ്.ഐ ഡിസ്പെൻസറി 10.07.2024 ലാണ് കോവളത്തെ കല്ലുവെട്ടാൻകുഴി, വിഴിഞ്ഞം എന്ന സ്ഥലത്തേക്ക് ഷിഫ്റ്റ് ചെയ്തതെന്നും 23.12.2024 തീയതിയിലാണ് 15കി.മീ ദൂരപരിധി സംബന്ധിച്ചുള്ള തിരുത്തിനായി അവസാനമായി സ്പാർക്കിന് കത്ത് നൽകിയിട്ടുള്ളതെന്നും കോവളം ഡിസ്പെൻസറിയുടെ സ്ഥാനമാറ്റം സംബന്ധിച്ച് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ലായിരുന്നു എന്നും പൊതു സ്ഥലം മാറ്റത്തിന്റെ നോട്ടിഫിക്കേഷൻ വിളിച്ചതിനു ശേഷവും പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ള കാലയളവിലും ഗുഗിൾമാപ്പിംഗ് പരിശോധിക്കുമ്പോൾ ചാക്ക-കോവളം എന്നീ ഡിസ്പെൻസറികളുടെ ദൂരപരിധി 13.8 കിലോമീറ്റർ ആയാണ് കാണപ്പെട്ടിരുന്നതെന്നും ആയതിനാലാണ് കോവളം ഡിസ്പെൻസറിയുടെ സ്ഥാനമാറ്റം സംബന്ധിച്ച് സ്പാർക്കിൽ അപ്ഡേഷൻ വരുത്തുന്നതിന് സാധിക്കാതിരുന്നതെന്നും നഴ്സിംഗ് ഓഫീസർ തസ്കികയുടെ കരട് പട്ടികയിന്മേൽ ശ്രീമതി.നിഷ ഹമീദ് ആക്ഷേപം സമർപ്പിച്ചപ്പോഴാണ് കോവളം ഡിസ്പെൻസറിയുടെ സ്ഥാനമാറ്റം ശ്രദ്ധയിൽപ്പെടുന്നതെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി.നിഷ ഹമീദ്.പി വളരെ കുറഞ്ഞ കാലയളവിൽ (25 ദിവസം) മാത്രമാണ് കല്ലുവെട്ടാൻകുഴിയിലുള്ള വാടകകെട്ടിടത്തിൽ ജോലി ചെയ്തിട്ടുള്ളതെന്നും ആയതിനാൽ തന്നെ 2025 വർഷത്തെ പൊതുസ്ഥലം മാറ്റത്തിൽ അപ്പീൽ നൽകിയതിൽ 15 കി.മീ കൂടുതൽ

ദൂരപരിധിയിൽ ജോലി ചെയ്തു എന്നുള്ള ശ്രീമതി.നിഷ ഹമീദ്.പി-യുടെ അവകാശവാദം തെറ്റാണെന്നും പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചതിനു ശേഷം സ്പാർക്കിൽ അപ്ഡേഷനുകളിൽ മാറ്റം വരുത്തുന്നതിന് സാധിക്കില്ല എന്ന് സ്പാർക്കിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**9.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **10/07/2024** ൽ വിഴിഞ്ഞത്തേക്ക് ഓഫീസ് മാറിയിട്ടും സ്പാർക്കിൽ അപ്ഡേഷൻ വരുത്താതിരുന്നതിനാലാണ് ട്രാൻസ്ഫർ പ്രക്രിയയിലേക്ക് നഴ്സിംഗ് ഓഫീസർ ഗ്രേഡ്-**1** ശ്രീമതി.നിഷ ഹമീദ്.പി ഉൾപ്പെട്ടത്. ആയത് അപേക്ഷകയുടെ കുറ്റമല്ല. ടിയാളുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് പൊതുസ്ഥലംമാറ്റത്തിൽ ഇളവ് നൽകി ശ്രീമതി.നിഷ ഹമീദ്.പി യെ നിലവിലെ സ്റ്റേഷനായ ചാക്ക ഇ.എസ്.ഐ ഡിസ്പെൻസറിയിൽ തുടരാൻ അനുവദിക്കുന്നതിനും മൂന്നാം എതൃകക്ഷിക്ക് തൊട്ടടുത്ത സ്ഥലങ്ങളിലെവിടെയെങ്കിലും ഇനി ആദ്യം വരുന്ന വേക്കൻസിയിൽ തന്നെ പൊതുസ്ഥലം മാറ്റത്തിന് കാത്തിരിക്കാതെ നിയമനം നൽകുന്നതിനുമുള്ള നടപടി സ്വീകരിയ്ക്കുന്നതിനും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം **(4)** പ്രകാരം അപേക്ഷക സമർപ്പിച്ചിട്ടുള്ള അനുബന്ധം **A8** അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം **(5)** ലെ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത ബി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം,
ശ്രീമതി ശ്രീമതി.നിഷ ഹമീദ്.പി, നഴ്സിംഗ് ഓഫീസർ ഗ്രേഡ് **I**, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖേന),
ശ്രീമതി പ്രീതകുമാരി.എസ്, നഴ്സിംഗ് ഓഫീസർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖേന),
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ & ഇ)(ഓഡിറ്റ്), കേരളം, തിരുവനന്തപുരം, വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ ) വകുപ്പ് ( സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 08-01-2026 11:47:04
സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്